# ജാതിക്കുമീതെ ആധുനികനിയമവും കോടതിയും കോടതികളുടെ ചരിത്രവായന

**ഡോ. സനിത എൻ.ജി.,**
അസി പ്രൊഫസർ, ഫാത്തിമാമാതാ കോളേജ്, കൊല്ലം

കേരളീയ ആധുനികതയെ മനസ്സിലാക്കുമ്പോൾ അതിന്റെ അധികാരസ്ഥാപനങ്ങളെയും അവയുടെ സാമൂഹ്യ-രാഷ്ട്രീയ സങ്കല്പനങ്ങളെയും പുനർവിചാരത്തിനു വിധേയമാക്കേണ്ടത് ആവശ്യമാണ്. കേരളത്തിൽബ്രിട്ടീഷ് അധിനിവേശത്തോടെയാണ് ആധുനികകോടതികൾ സ്ഥാപിതമായത്. അതിനാൽ കേരളീയ-കൊളോണിയൽ ആധുനികത ഇവിടെ രൂപംകൊണ്ടപ്പോൾഅതിനെ നിയന്ത്രിച്ച അധികാരസ്ഥാനം ബ്രിട്ടീഷ് കോടതിയും നീതിന്യായസംവിധാനവും ആയിരുന്നു. തങ്ങളുടെ അധിനിവേശഭരണം സുഗമമാക്കുക എന്നതാണ് കോടതിയുടെ സ്ഥാപനത്തിനുപിന്നിൽ ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന രാഷ്ട്രീയലക്ഷ്യം. എന്നാൽ ആധുനിക നിയമങ്ങൾ സമൂഹത്തിന്റെ ഭൂരിഭാഗത്തിനുമേൽ നടത്തിയ ഇടപെടലുകൾ കേരളീയ ആധുനികത നടപ്പിൽ വരുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

1792-ൽ മലബാറിൽ സ്ഥാപിതമായ കോടതിയെ ഘടനയിലും നടപടിക്രമത്തിലും വരുത്തിയ ചെറിയ വ്യതിയാനമല്ലാതെ അടിസ്ഥാനപരമായ യാതൊരു മാറ്റങ്ങളുമില്ലാതെ കേരളീയസമൂഹം ഇന്നും സ്വീകരിക്കുന്നു. ഈ സ്വീകാര്യത സൂചിപ്പിക്കുന്നത് ആധുനികനിയമം അതിന്റെ അടിസ്ഥാനതത്വങ്ങളിൽ സ്വീകരിച്ച സമീപനത്തിന്റെ സുതാര്യതയെയാണ്. ഭൂനിയമങ്ങൾ, നികുതിസംബന്ധമായ നിയമങ്ങൾ, ശിക്ഷാനടപടികൾ ഇവയിലൊഴിച്ച് ഒരു പ്രവൃത്തി കുറ്റകൃത്യമാകുന്നതിനു പിന്നിലുള്ള ഉള്ളടക്കം ഇപ്പോഴും 1792-ലേതു തന്നെയാണ്. ആധുനികകോടതിയെ സംബന്ധിക്കുന്ന ഈ തുടർച്ച ആദ്യകാലകോടതികൾ

എന്തായിരുന്നു എന്നും എപ്രകാരമായിരുന്നു അവയുടെ പ്രവർത്തനങ്ങൾ എന്നും അന്വേഷിക്കുന്നതിനെ സംഗതമാക്കുന്നു. പത്തൊമ്പതാംനൂറ്റാണ്ടിലെ കേരള ചരിത്രം പരിശോധിച്ചാൽ ഓരോ പ്രദേശത്തേയും നിയന്ത്രിച്ചിരുന്ന നാട്ടുവാഴികളും അവരുടെ അധികാര നിയമങ്ങളും ഉണ്ടായിരുന്നതായിക്കാണാം. എന്നാൽ നാടിന്റെ പൊതുവായ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയമണ്ഡലങ്ങളിൽ ഏതെങ്കിലും വിധത്തിൽ അധ്വാനംകൊണ്ടോ അധികാരപങ്കാളിത്തംകൊണ്ടോ പങ്കുകാരായിരുന്നവർ അവരുടെ നീതി-നിയമ സംവിധാനത്തിനുമേൽ ഏതെങ്കിലും നാട്ടുവാഴിയുടെ നിയമങ്ങളെ അനുസരിക്കേണ്ടിയിരുന്നു. ഈ നിയമമാകട്ടെ ജാതികേന്ദ്രിതമായ ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയതുമായിരുന്നു. ജാതിയുടെ ഇല്ലാതാകലും നാട്ടുവാഴിക്കും അടിമയ്ക്കും ഒരേ നിയമത്തിന്റെ വ്യവസ്ഥാപനവുമാണ് തത്വത്തിൽആധുനിക കോടതി മുന്നോട്ടുവച്ച പ്രധാന ആശയം.

## പ്രാചീനനീതിന്യായസംവിധാനവും ശിക്ഷാവിധികളും

ബ്രിട്ടീഷ് നിയമവ്യവസ്ഥ കേരളത്തിൽ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഇവിടെയുണ്ടായിരുന്നത് ജാതി-ജന്മി-നാട്ടുവാഴിത്ത വ്യവസ്ഥിതിയിൽ(കേരളാചാരം) അടിസ്ഥാനമാക്കിയുള്ള നിയമസംവിധാനമായിരുന്നു. അതിനെ നിലനിർത്തിയതിൽനാട്ടുനടപ്പുകളും, മര്യാദകളും പ്രധാനപങ്കുവഹിച്ചു. "ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർഎന്നിങ്ങനെ ജാതിയിലും; തൊഴിലിന്റേയും, കാർഷികപ്രദേശങ്ങളുടെ ഉടമസ്ഥതയുടെയും, ഉത്പാദനബന്ധങ്ങളുടേയും അടിസ്ഥാനത്തിൽ 1. ഉടയവർ 2. ഊരാളർ 3. കരാളർ 4. കുടിയാർ 5. അടിയാർ എന്നിങ്ങനെ അഞ്ചു തട്ടുകളിലും ജനങ്ങളെ തിരിച്ചിരുന്നു" (കെ.എൻഗണേശ്, 1997:122) ഇക്കാലഘട്ടത്തിൽഎഴുതപ്പെട്ട നിയമങ്ങളായി ഉണ്ടായിരുന്നത് കച്ചങ്ങളായിരുന്നു. ന്യായാന്യായങ്ങൾ കച്ചങ്ങൾവഴി നടപ്പിലാക്കുമ്പോഴും ജാതിയായിരുന്നു പ്രധാനമായി ഉണ്ടായിരുന്നത്. ഗ്രാമത്തിൽശൂദ്രർബ്രാഹ്മണരെ അസഭ്യം പറഞ്ഞാൽ 12 കാണം സ്വർണ്ണം പിഴയായി കെട്ടിവെക്കണം. കൂടുതൽഗൗരവമുള്ള കുറ്റങ്ങൾചെയ്താൽഇരുപതു കാണമാണ് പിഴ. ഒരു ശൂദ്രൻവേറൊരു ശൂദ്രനെ അസഭ്യം പറഞ്ഞാൽ 6 കാണം സ്വർണ്ണവും വധിച്ചാൽ 12 കാണം സ്വർണ്ണവും പിഴയായി കെട്ടണം. ജാതി പ്രധാനമായ ഈ നിയമവ്യവസ്ഥയെ ഉറപ്പിച്ചത് മനുവിന്റെയും യാജ്ഞവല്ക്യന്റെയും പരാശരന്റെയും സ്മൃതികളെ അടിസ്ഥാനപ്പെടുത്തിയുള്ള ശിക്ഷാവിധികളാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിലും കൊച്ചി തിരുവിതാംകൂർ പ്രവിശ്യകളിൽഈ വ്യവസ്ഥിതി

തന്നെയാണ് ഉണ്ടായിരുന്നത്. മനുസ്മൃതി ഉൾപ്പെടെയുള്ള ചില സ്മൃതിഗ്രന്ഥങ്ങളിലെ ഭാഗങ്ങൾ ക്രോഡീകരിച്ച് ചില പരിഷ്ക്കാരങ്ങളോടെ എഴുതി തയ്യാറാക്കിയ പുസ്തകമായ വ്യവഹാരമാല ആയിരുന്ന ഇക്കാലത്തുണ്ടായിരുന്ന നിയമപുസ്തകം. വർണ്ണ-ജാതി സിദ്ധാന്തത്തിൽ 'അധിഷ്ഠിതമായിരുന്ന തിരുവിതാംകൂറിന്റെ ശിക്ഷാനിയമത്തിൽസത്യപരീക്ഷ, ജലപരീക്ഷ, അഗ്നിപരീക്ഷ, തുക്കപരീക്ഷ മുതലായ നാലുവിധത്തിലുള്ള ശിക്ഷകളാണ് സർവ്വസാധാരണമായിരുന്നത്. വ്യഭിചാരശങ്കയാലോ, മറ്റു കുറ്റങ്ങളാലോ ബ്രാഹ്മണരെ സത്യപരീക്ഷ നടത്തിയിരുന്നത് ശുചീന്ദ്രം ക്ഷേത്രത്തിൽവെച്ചുള്ള 'കൈമുക്കൽ' പരീക്ഷ മൂലമായിരുന്നു.

## മലബാറിൽ

തിരുവിതാംകൂർ, കൊച്ചി പ്രവിശ്യകളിൽനിന്നു വ്യത്യസ്തമായി മലബാറിൽ ഏകീകൃതമായ ഒരു ഭരണസംവിധാനം ഉണ്ടാകാതിരുന്നതിനാൽ ഒരു പ്രത്യേക പ്രദേശം ഭരിക്കുന്ന രാജാവിന്റെ ചിട്ടകൾക്കനുസരിച്ച് നിയമം നടപ്പിലാകുന്നതിന്റെ രീതി മാറിയിരുന്നു. എന്നാൽ, കുലധർമ്മവും മര്യാദകളും തന്നെയായിരുന്നു നിയമത്തിന്റെ അടിസ്ഥാനം. അതിനാൽപൊതുവിൽകേരളത്തിന്റെ ഫ്യൂഡൽ കാലഘട്ടത്തിലുണ്ടായിരുന്ന ശിക്ഷാരീതികൾതന്നെയായിരുന്നു മലബാറിലും ഉണ്ടായിരുന്നതെന്ന് ലോഗന്റെ മലബാർമാന്വലിൽ നിന്നു മനസ്സിലാക്കാം. "അഗ്നിപരീക്ഷ വഴിക്കു കുറ്റക്കാരെ വിചാരണ ചെയ്യുന്ന സമ്പ്രദായം ഇക്കാലത്തും സാധാരണമാണ്. തിളയ്ക്കുന്ന നെയ്യിൽ കൈപ്പത്തി താഴ്ത്തി നിരപരാധിത്വം തെളിയിക്കുന്ന ഈ സമ്പ്രദായം സംബന്ധിച്ച് കൗതുകകരമായ ചില വസ്തുതകൾതലശ്ശേരിയിലെ ഇംഗ്ലീഷ് വ്യാപാരശാലയുടെ ചുമതലക്കാരും സാമൂതിരി രാജാവും തമ്മിൽ 1710-ൽഉണ്ടാക്കിയ ഒരു ഒത്തുതീർപ്പിൽ കാണാനുണ്ട്"(ലോഗൻ, 1981:183). കൂടാതെ ജലപരീക്ഷ, തുക്കപരീക്ഷ, തുടങ്ങിയവയെക്കുറിച്ച് ലോഗൻസൂചിപ്പിക്കുന്നു. മാപ്പർഹിക്കാത്തതായി അഞ്ചു കൊടുംകുറ്റങ്ങളാണ് ഉണ്ടായിരുന്നത്. 1. ബ്രാഹ്മണനെ കൊല്ലുന്നത്. 2. ലഹരിസാധനങ്ങൾഉപയോഗിക്കുന്നത്. 3. മോഷണം നടത്തുന്നത്. 4. ആചാരവിധി നിരാകരിക്കുന്നത്. 5. പശുവിനെ കൊല്ലുന്നത്. വധശിക്ഷ നടപ്പാക്കുന്ന രീതി ഭയാനകമായിരുന്നു എന്നും കാണാം. "കുറ്റവാളികളെ വധിച്ചാൽജഡം രണ്ടുകഷണമായി വെട്ടുകയും ഒരു കഴവിൽ തൂക്കിയിട്ടു പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മോഷ്ടാക്കളേയും രണ്ടു തുണ്ടമായി വെട്ടിമുറിച്ച് കഴവിൽതൂക്കുമായിരുന്നു" (ലോഗൻ, 1981:184)

കൊച്ചിയിൽ

കൊച്ചിയുടെ നീതിന്യായ സംവിധാനത്തെക്കുറിച്ച് കൊച്ചി രാജ്യ ചരിത്രം പറയുന്നത് ഇപ്രകാരമാണ്. 'എല്ലാ ആവലാതികളും തമ്പുരാനും മന്ത്രിമാരുംകൂടെ കേട്ടു തീർച്ചചെയ്തിരുന്നു. നാടുവാഴികളുടേയും സ്വരൂപി കളുടേയും കീഴിലുള്ള പ്രദേശങ്ങളിൽ അവർക്കധികാരമുണ്ടായിരുന്ന കാലത്ത് അവർതന്നെ നീതിന്യായം നടത്തിവന്നു. ഭൂമിസംബന്ധമായ വിവാദങ്ങൾ പഞ്ചായത്തായി തീർച്ചചെയ്യും. സ്ത്രീകളുടേയും അടിമക ളുടേയും തെളിവ് സ്വീകാര്യയോഗ്യമായിരുന്നില്ല. ജാതിതർക്കങ്ങൾ ജാതിക്കൂട്ടങ്ങൾ തീർച്ചപ്പെടുത്തും. കുറ്റം സമ്മതിപ്പിക്കാനും തെളിവുണ്ടാ ക്കുവാനുമായി കഠിനദേഹോപദ്രവം ചെയ്തിരുന്നു. എല്ലാ വിവാദങ്ങളുടെ തീർച്ചക്കും സത്യപരീക്ഷ ഉപയോഗപ്പെടുത്തിയിരുന്നു. ഉദ്യോഗസ്ഥ ന്മാർ എവിടെ ഇരിക്കുന്നുവോ അവിടെവെച്ച് വിചാരണകൾനടത്തുക എന്നല്ലാതെ അതിനു പ്രത്യേകം സ്ഥലങ്ങൾഉണ്ടായിരുന്നില്ല. വാക്കാൽ വിചാരണയല്ലാതെ രേഖാമൂലമായി ഒന്നും ഇല്ല" (കെ.പി. പദ്മനാഭമേ നോൻ, 1996 : 632).

കുറ്റങ്ങൾക്കു കൊടുത്തിരുന്ന ശിക്ഷകൾപ്രയേണ ഏറ്റവും കഠിനമാ യിരുന്നു. 'കൊല, അംഗഭംഗം വരുത്തുക, തടവിലിടുക, പിഴ കല്പിക്കുക, അടിമകളാക്കി വെയ്ക്കുക, അടി, ജാതി ഭ്രഷ്ട് കല്പിക്കുക ഇതുകളായി രുന്നു സാധാരണ ശിക്ഷകൾ. ദേവാലയങ്ങളെ അശുദ്ധപ്പെടുത്തുക, രാജദ്രോഹം, കൊലപാതകം, ഗോ-ബ്രാഹ്മണവധം, പശുക്കളേയും ബ്രാഹ്മണരേയും മുറിവേല്പിക്കുക, കവർച്ച ചെയ്യുക ഈ വക കുറ്റങ്ങൾക്കു കൊലശിക്ഷ വിധിച്ചിരുന്നു. ഇതിൽ താണതരം കുറ്റങ്ങൾക്കു സാധാ രണയായി നല്കിയിരുന്ന ശിക്ഷ കൈകാൽവെട്ടിക്കളയുകയായിരുന്നു. പിഴശിക്ഷയാണ് അധികം വിധിക്കുന്നത്. പിഴ പിരിയുന്ന സംഖ്യ രാജാവിനുള്ളതായിരുന്നു. തടവുശിക്ഷ കല്പിക്കുന്നതായാൽ ചെലവുള ളതുകൊണ്ട് അതത്ര സാധാരണമല്ല. ചില്ലറക്കളവുകൾക്ക് അടിശിക്ഷ കല്പിക്കും. മേൽജാതിക്കാർ ജാതിവിരോധമായ കുറ്റങ്ങൾചെയ്താലും ബ്രാഹ്മണരും സ്ത്രീകളും കൊലപാതകം ചെയ്താലും ജാതിഭ്രഷ്ട് കല്പിക്കും. ബ്രാഹ്മണ സ്ത്രീകളും പുരുഷന്മാരും വ്യഭിചാരം ചെയ്താൽ അടിമകളാക്കി ക്കളയും" (കെ.പി. പത്മനാഭമേനോൻ, 1996: 633-634).

ശിക്ഷാവിധി എല്ലാവർക്കും ഒരേരീതിയിലായിരുന്നില്ല. 'പ്രഭുക്കന്മാർ ക്കും ബ്രാഹ്മണർക്കും തടവു കല്പിക്കില്ല. ബ്രാഹ്മണർക്കും സ്ത്രീകൾക്കും കൊലശിക്ഷയുമില്ല. ഒരു നായർഒരു താഴ്ന്ന ജാതിക്കാരനെ കൊന്നാൽ ആദ്യത്തെ തവണ പിഴകല്പിക്കുകയേ ഉള്ളൂ. സാധാരണ പിഴ 400

ഉറുപ്പികയാണ്. ഇനി ഇതുപോലെ ചെയ്യുന്നതല്ലെന്നും ചെയ്തുപോയാൽ കൊലശിക്ഷ സന്ദേഹം കൂടാതെ അനുഭവിച്ചുകൊള്ളാമെന്ന് ഏല്ക്കുകയും വേണം. ഒരു നായർ മറ്റൊരുവനെ മുറി ഏല്പിച്ചാൽ അവന്റെ മുറിമാറു ന്നതുവരെ അവനെ രക്ഷിക്കണം. ഇരുവർക്കും മുറി ഏറ്റാൽരണ്ടാളും ഒന്നും ചെയ്‌വാനില്ല" (1996: 636). സത്യപരീക്ഷ സാധാരണമായിരു ന്നു. വസ്തു സംബന്ധമായ തർക്കങ്ങളിലും കളവു മുതലായ കുറ്റങ്ങൾക്കും സത്യപരീക്ഷ ചെയ്യാറുണ്ട്. ഇതുകളിൽ ഓരോന്ന് ഓരോ ജാതിക്കാർക്ക് പ്രത്യേകമായി വിധിച്ചിരുന്നു. ബ്രാഹ്മണർക്ക് തുലാസ്, ക്ഷത്രിയർക്ക് അഗ്നി, വൈശ്യർക്കു വെള്ളം, ശൂദ്രർക്കു വിഷം.

ബ്രിട്ടീഷ് നിയമവ്യവസ്ഥ വരുന്നതിന് മുമ്പ് ജനപങ്കാളിത്തം ഉറപ്പാക്കിയിരുന്ന നിയമവ്യവസ്ഥകളായി കൂട്ടങ്ങളേയും മൻറങ്ങളേയും വേലായുധൻപണിക്കശ്ശേരി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽഈ ചരിത്ര രചനയിലൊന്നിലും കീഴാളരുടെ ഭരണസംവിധാനത്തെ പരാമർശിക്കു ന്നില്ല. 'കേരളത്തിലെ ജനങ്ങൾക്ക് തെരഞ്ഞെടുപ്പ്, അഭിപ്രായൈക്യ മാരായൽ, നിസ്സഹകരണം, സമാധാനപരമായ പിന്തുടർച്ച, അഭിപ്രായ ജനാധിപത്യമാർഗ്ഗങ്ങൾ പ്രാചീന കൊളോണിയലസത്തിനു മുമ്പുതന്നെ സുപരിചിതമായിരുന്നു എന്നതിന് തെളിവാണ് കൂട്ടങ്ങളും മൻറങ്ങളും. കേരളത്തിലെ ഗ്രാമങ്ങൾ സമുദായികമോ ജാതീയമോ ആയ ചെറിയ ഘടകങ്ങൾ ചേർന്നവയായിരുന്നു. എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകം സംഘങ്ങളുണ്ടായിരുന്നു. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനമായത് കൂട്ടം എന്ന പേരിലറിയപ്പെട്ടിരുന്ന ജനാധി പത്യസഭയായിരുന്നു. വിശേഷാലുണ്ടാകുന്ന രാജ്യകാര്യങ്ങളെക്കുറിച്ച് തീരുമാനിക്കുവാൻ ജനപ്രതിനിധികൾ ഒന്നിച്ചു കൂടുന്ന ഒരു യോഗത്തി നാണ് കൂട്ടം എന്നു പറഞ്ഞുവരുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള ജനാധിപത്യസംവിധാനങ്ങൾ ഏതുകാലം മുതൽക്കാണ് പ്രവർത്തിച്ചു തുടങ്ങിയതെന്ന് രേഖകളില്ലെങ്കിലും സംഘകാല സാഹിത്യത്തിലെ മൻറങ്ങൾ ഈ വ്യവസ്ഥിതിയുടെ ആദ്യരൂപമായി മനസ്സിലാക്കാവുന്ന താണ്. ഗ്രാമത്തെ പൊതുവായി ബാധിക്കുന്ന കാര്യങ്ങളാലോചിക്കു വാൻ ഗ്രാമക്കാരണവന്മാർ സമ്മേളിച്ചിരുന്നു. വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള വഴക്കുകൾ അവിടെ വച്ച് ചർച്ചചെയ്ത് തീർപ്പുകല്പിച്ചിരുന്നു" (വേലായുധൻപണിക്കശ്ശേരി 1998: 51-52).

കൂട്ടങ്ങളുടെ ഭരണവ്യവസ്ഥയെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു. 'കൂട്ടങ്ങൾ മൂന്നുതരത്തിലുണ്ട്. തറക്കൂട്ടം, നാട്ടുക്കൂട്ടം, കേരള മഹാജനങ്ങളുടെ പൊതുവായ കൂട്ടം. തറയിലുള്ള തറവാട്ടു

കാരണവന്മാരുടെ സഭയാണ് തറക്കൂട്ടം. തറയിലെ പ്രാദേശികങ്ങളായ കാര്യങ്ങൾ ചർച്ചചെയ്ത് വ്യവസ്ഥപ്പെടുത്താനുള്ള അധികാരം തറക്കൂട്ടത്തിനായിരുന്നു. ഓരോ തറയിലും നന്നാലു കാരണവന്മാരെ മുഖ്യസ്ഥർ, തദസ്ഥർ എന്നീ സ്ഥാനത്തോടുകൂടി തെരഞ്ഞെടുത്തിരുന്നു. നാടിന്റെ വിശാലമായ കാര്യങ്ങൾചർച്ചചെയ്തു തീരുമാനിക്കുന്നതിനു തറകളിലെ പ്രതിനിധികൾസമ്മേളിക്കുന്നതിനാണ് നാട്ടുകൂട്ടം എന്നു പറയുന്നത്. ഇതിനു പുറമേ നാടിനെ മുഴുവൻബാധിക്കുന്ന പ്രശ്നങ്ങളാലോചിക്കുന്നതിനും കേരള മഹാകൂട്ടങ്ങൾ ചേരാറുണ്ട്. മാമാങ്കം ആഘോഷിച്ചിരുന്ന അവസരങ്ങളിൽ തിരുനാവായവെച്ച് മഹാകൂട്ടങ്ങൾ ചേർന്നിരുന്നു. തറകളടങ്ങിയ നിരവധി കൂട്ടങ്ങളുടെ സമൂഹമാണ് നാട്.' കേരളത്തിലെ നാടുവാഴികൾതങ്ങളുടെ രാജ്യത്തെ ജനപ്രതിനിധി സഭയായ കൂട്ടത്തിന്റെ അഭിപ്രായമനുസരിച്ചാണ് കാര്യങ്ങൾനടത്തിയിരുന്നതെന്ന് പ്രസിദ്ധ സഞ്ചാരിയായ ജോ. ഫ്രെയർ(എ.ഡി. 1972) രേഖപ്പെടുത്തുന്നു. എങ്കിൽത്തന്നെയും കൂട്ടങ്ങളുടെ ആധിപത്യം അതാതുകാലത്ത് പ്രാമുഖ്യത്തിലിരുന്ന സമുദായത്തിനായിരുന്നു എന്നും പണിക്കശ്ശേരി ചൂണ്ടിക്കാണിക്കുന്നു (വേലായുധൻപണിക്കശ്ശേരി 1998: 51). സവർണ്ണകേന്ദ്രിതമായിരുന്നു കൂട്ടങ്ങളെന്നു ചുരുക്കം.

മലബാർ-കൊച്ചി-തിരുവിതാംകൂർ എന്നീ പ്രവിശ്യകളിലെ നീതിന്യായസംവിധാനം പരിശോധിക്കുമ്പോൾകേരളീയ ഫ്യൂഡൽനിയമവ്യവസ്ഥയുടെ പൊതു സ്വഭാവങ്ങൾഇവയാണെന്നു കാണാം.

1. ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരമാലയായിരുന്നു എഴുതപ്പെട്ടതെന്നു പറയാവുന്ന നിയമഗ്രന്ഥം. ഇവയ്ക്കുപോലും ദേശങ്ങളുടെ ഭരണരീതിയുടേയും രാജാവിന്റെ ജാതിയുടേയും അടിസ്ഥാനത്തിൽവ്യത്യാസങ്ങളുണ്ടായിരുന്നു.
2. കീഴ്നടപ്പ് അഥവാ കീഴ്മര്യാദകളായിരുന്നു സിവിൽ-ക്രിമിനൽതർക്കങ്ങളെ തീർച്ചപ്പെടുത്താൻഉപയോഗിച്ചിരുന്നത്.
3. ക്രിസ്ത്യനോ മുഹമ്മദീയരോ, ആണ് ഇരു കക്ഷികളും എങ്കിൽ ഇവരുടെ ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള കീഴ്നടപ്പിനെ അവലംബിച്ചിരുന്നു. ഇവരിൽ ഒരാൾ ഹിന്ദുവാണെങ്കിൽ ഹിന്ദുധർമ്മശാസ്ത്രത്തെ അവലംബിച്ചിരുന്നു. വിധികർത്താവ് രാജാവുതന്നെ.
4. പ്രഭുക്കന്മാരുടേയും സ്വരൂപികളുടേയും ഭരണപ്രദേശങ്ങളിൽ അവർതന്നെയാണ്. ജുഡീഷ്യൽകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. നേരിട്ടു രാജഭരണകാലത്ത് അവിടുത്തെ

ഉദ്യോഗസ്ഥരായിരുന്ന ഈ ജോലി ചെയ്തിരുന്നത്. പ്രധാന കേസ്സുകൾരാജാവിന്റെ മുമ്പിൽ കൊണ്ടുവന്നിരുന്നു.

5. വ്യവഹാരങ്ങൾ അതാതു ജാതികളിൽപ്പെട്ട യോഗക്കാരുടെ മാധ്യസ്ഥ്യം മുഖാന്തിരമോ അല്ലെങ്കിൽ രാജാവു നിയമിക്കുന്ന പഞ്ചായത്തു മുഖാന്തിരമോ തീർച്ചപ്പെടുത്തിയിരുന്നു.
6. ജാതിവഴക്കുകളെ അതാതു ജാതിയോഗക്കാർതീർപ്പാക്കിയിരുന്നു.
7. സത്യം പറയുന്നതിനുവേണ്ടി ചിലപ്പോൾസാക്ഷികളേയും ദേഹോപദ്രവം ചെയ്തിരുന്നു.
8. ജൈവപരീക്ഷ നടത്തിയിരുന്നു.
9. ജുഡീഷ്യൽകാര്യങ്ങളുടെ വിചാരണകൾ നടത്തുന്നതിനു പ്രത്യേകം കോടതിസ്ഥലങ്ങളോ സമയനിയമമോ ഉണ്ടായിരുന്നില്ല. കോടതി എല്ലാ സമയത്തും തയ്യാറാണെന്നാണു വെപ്പ്.
10. ന്യായാധിപന്മാർ ഇരുന്നിരുന്ന സ്ഥലങ്ങളിലെല്ലാം വിചാരണയും നടത്തിയിരുന്നു.അന്നന്നത്തെ വ്യവഹാരങ്ങളിൽ ദീർഘകാലം നിലനില്ക്കുന്നതായ വിചാരണകളോ ഭാരിച്ച റെക്കോർഡുകളോ ഉണ്ടായിരുന്നില്ല.
11. വിചാരണകളെല്ലാം ക്ഷണത്തിൽ കലാശിപ്പിച്ചിരുന്നു. അവസാനതീർപ്പൊഴിച്ച് വേറൊന്നുംതന്നെ രേഖപ്പെടുത്തിയിരുന്നില്ല.
12. ഒരേ തെറ്റു ചെയ്ത യജമാനനും പറയനും രണ്ടു തരത്തിലായിരുന്നു ശിക്ഷ. ഉദാഹരണം. യജമാന്മാർക്ക് ഉപദേശവും ഗുണദോഷവും പറയന്മാർക്ക് തല്ലും കഠിനതടവും.

ബ്രിട്ടീഷ് നിയമവ്യവസ്ഥ

തിരുവിതാംകൂറിലും കൊച്ചിയിലും രാജഭരണത്തിൽബ്രിട്ടീഷുകാരുടെ മേൽക്കോയ്മ ആദ്യമായി പ്രകടമാകുന്നത് റസിഡണ്ട് കേണൽ മൺറോയുടെ കാലം മുതലാണ്. റാണി ഗൗരി ലക്ഷ്മിഭായിയുടെ കാലത്താണ് (1811-1815) തിരുവിതാംകൂർ റസിഡണ്ടായിരുന്ന മൺറോ ഒരേ സമയം തിരുവിതാംകൂറിലേയും കൊച്ചിയിലേയും റസിഡണ്ടും ദിവാനുമായി ചുമതലയേറ്റെടുത്തത്. അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമായും പതിഞ്ഞത് നാട്ടിൽനടന്നു കൊണ്ടിരുന്ന അക്രമങ്ങളെ നിർത്തുന്നതിനും ഉദ്യോഗസ്ഥരുടെ നടപടിയെ ക്രമപ്പെടുത്തുന്നതിനുമായിരുന്നു. 'കൂട്ടായ്മ കവർച്ചക്കാരുടെ കൊള്ളയെ നിർത്തുവാനായി രാജ്യത്തു പല സ്ഥങ്ങളിലും ബ്രിട്ടീഷു പട്ടാളത്തിലെ ഓരോ സംഘത്തെ നിർത്തി. അവരുടെ സഹായത്തിനായി ഒരു പോലീസ് സംഘത്തേയും

ഏർപ്പെടുത്തി. കൂടാതെ സിവിൽവ്യവഹാരങ്ങളെ കേട്ടുതീർച്ച ചെയ്യുന്നതിനു തൃപ്പൂണിത്തുറയും, തൃശ്ശിവപേരൂരും ഓരോ ചെറിയ കോടതികളും അപ്പീലധികാരത്തോടുകൂടി എറണാകുളത്ത് ഒരു വലിയ കോടതിയും ഏർപ്പെടുത്തി. വലിയ കോടതിയ്ക്ക് ഹജ്ജൂർകോടതി എന്നും പേരുണ്ടായിരുന്നു. വലിയ കോടതിയിലെ ന്യായാധിപതികൾ അല്ലെങ്കിൽ ജഡ്ജിമാരായി ദിവാൻജി, ഒരു ഹിന്ദു, ഒരു ക്രിസ്ത്യൻ, ഒരു ശാസ്ത്രി ഇവരേയും ഓരോ ചെറിയ കോടതിയിലും ഓരോ ഹിന്ദു ക്രിസ്ത്യൻജഡ്ജിമാർക്കുപുറമേ ഓരോ ശാസ്ത്രിയേയും നിയമിച്ചു. ധർമ്മന്യായ പ്രകാരം ധർമ്മശാസ്ത്രങ്ങൾ അനുസരിച്ച് നാട്ടുനടപ്പനുസരിച്ച് ന്യായം നടത്തി വിധി കല്പിക്കുവാനും നിശ്ചയിച്ചു" (കെ.പി. പദ്മനാഭമേനോൻ 1996:785-788). സർക്കാരുദ്യോഗസ്ഥന്മാരെ സംബന്ധിച്ച കേസുകൾകേൾക്കുന്നതിനു ശിക്ഷ നടത്തുന്നതിനുമായി ഹുസൂർകോടതിയും നിലവിൽവരുത്തി. ഉദ്യോഗസ്ഥരായിരുന്നവർ പ്രധാനമായും മൂന്നുവിഭാഗത്തിൽപ്പെട്ടവരായിരുന്നു. നമ്പൂതിരി ബ്രാഹ്മണരേയും ശൂദ്രരേയും സിറിയൻക്രിസ്ത്യാനികളേയുമാണ് കേണൽ മൺറോ അധികവും നിയമിച്ചിരുന്നത്. തദ്ദേശീയരും ഭാഷാപാണ്ഡിത്യമുള്ളവരും സംസ്കൃതത്തിൽഅറിവു നേടിയവരുമായിരുന്നു ഇവർ. ധർമ്മശാസ്ത്രങ്ങളിൽ പാണ്ഡിത്യമുണ്ടായിരുന്നവരെ മാത്രമേ ജഡ്ജിമാരായും മറ്റും നിയമിച്ചിരുന്നുള്ളൂ. മഹാറാണിയുടെ ഉത്തരവനുസരിച്ച് 1812 ലാണ് ഈ നിയമങ്ങൾവിളംബരം ചെയ്തത്. ഈ നിയമങ്ങൾക്കെല്ലാം കൂടി ചട്ടവരിയോല എന്നായിരുന്നു പേര്.

പിന്നീട് തിരുവിതാംകൂറിൽസദാചാര നിയമങ്ങളുടെ നിഷ്കൃഷ്ടമായ നടത്തിപ്പും ഭരണപരിഷ്കാരങ്ങളും വരുന്നത് സ്വാതിതിരുനാൾരാമവർമ്മ മഹാരാജാവിന്റെ കാലത്താണ്. നിരവധി വിളംബരങ്ങൾഇക്കാലത്ത് ഇവിടെയുണ്ടായി. മഹാരാജാവിന്റെ സ്ഥാനാരോഹണം കഴിഞ്ഞ് മൂന്നു കൊല്ലമായപ്പോൾതിരുവിതാംകൂറിന്റെ ഓരോ ജില്ലയിലും ചെറിയ സിവിൽകേസുകൾകേൾക്കുന്നതിനു വേണ്ടി മുൻസിഫ് കോടതികൾസ്ഥാപിച്ചു. അടുത്ത വർഷം ഹുസൂർ കോടതി വേണ്ടെന്നു വെച്ച് അതിന്റെ സ്ഥാനത്ത് ജില്ലാക്കോടതികൾഉണ്ടാക്കി. ഭരണ സംവിധാനം പരിഷ്കരിക്കണമെന്ന ആഗ്രഹത്തോടു കൂടി ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങളിൽനിന്നും ബ്രിട്ടീഷ് ഗവൺമെൻറിൽനിന്നു തന്നെയും ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുത്തു. ഈ പരിഷ്കാരങ്ങളിൽ പ്രധാനമാണ് നിലവിലുണ്ടായിരുന്ന നിയമസംഹിതയിൽ മാറ്റം വരുത്തി 1839-ൽനിയമമായി വിളംബരം വഴി പ്രഖ്യാപനം ചെയ്തു ക്രോഡീകരിച്ച നിയമസംഹിത. 'ഒരു ക്രോഡീകൃത നിയമവ്യവസ്ഥയെന്ന നിലയിൽ തിരുവിതാംകൂറിൽആദ്യത്തെയാണിത്. എട്ടധ്യായങ്ങളാണിതിൽ,

ആദ്യത്തെ അഞ്ച് അദ്ധ്യായങ്ങളും സിവിൽനിയമവ്യവസ്ഥകളും നടപടി ക്രമങ്ങളുമാണ്. പുറമേ മുൻസിഫ്, ജില്ല, അപ്പീൽകോടതികളുടെ ഘടന അധികാരപരിധി തുടങ്ങിയവയും വിശദീകരിക്കുന്നുണ്ട്. ആറാമദ്ധ്യായം തഹസീൽദാർക്ക് പോലീസധികാരങ്ങൾ നല്കുന്നതും ജില്ലാ കോടതി കൾക്ക് ക്രിമിനല്ക്കേസുകളിൽതീർപ്പ് കല്പിക്കുവാനുള്ള അധികാരങ്ങൾ നല്കുന്നതുമാണ്. ഏഴും എട്ടും അദ്ധ്യായങ്ങളുള്ള സെഷൻസ് കോടതി കളുടെ ചുമതലകൾനിർവ്വഹിക്കാൻഅപ്പീൽകോടതി ജഡ്ജിമാരെ അധികാരപ്പെടുത്തുന്നതുമാണ് (പി.ശങ്കുണ്ണിമേനോൻ1994: 332 ). ഇതിലെ റെഗുലേഷൻ6 അനുസരിച്ച് ദിവാനിലാണ് നീതിന്യായത്തി ന്റെ പരമാധികാരം. പോലീസിന്റെയും നീതിന്യായക്കോടതികളുടേയും മേധാവിയെന്ന നിലയിൽഈ വകുപ്പുകൾദിവാൻകൈകാര്യം ചെയ്തു. സിവിൽക്രിമിനൽവകുപ്പുകളെ സംബന്ധിക്കുന്ന എല്ലാ സംഗതികളും ക്രമീകരിക്കുന്ന ചുമതല ജഡ്ജിയ്ക്കായിരുന്നു. പുതുതായി ആവിഷ്കരിച്ചതാ യിരുന്ന ഈ സമ്പ്രദായങ്ങളെങ്കിലും ജനങ്ങൾഅതിവേഗം ഇവയുമായി പൊരുത്തപ്പെട്ടതായി ശങ്കുണ്ണിമേനോൻസൂചിപ്പിക്കുന്നു (1994 : 332).

## കേരളത്തിലെ ആധുനിക കോടതിയുടെ ചരിത്രം

ആധുനിക കോടതിയുടെ കീഴിൽഏകീകൃതനിയമം നിലവിൽവന്ന തിനുശേഷം കേരളത്തിലെ നീതിന്യായസംവിധാനത്തിൽപ്രകടമായ വ്യതിയാനങ്ങളും ഉണ്ടായി. അവയിൽപ്രധാനപ്പെട്ടത് ഇവയാണ്, പ്രാകൃതമായ ശിക്ഷാ നടപടികൾനീക്കം ചെയ്തു. വധശിക്ഷ കൊലക്കു റ്റത്തിനുമാത്രമാവുകയും തടവുശിക്ഷകൾക്ക് പ്രാധാന്യമേറുകയും ചെയ്തു. ശാസ്ത്രീയമായ തെളിവുകളുടേയും സാക്ഷിവിസ്താരത്തിന്റേയും അടിസ്ഥാ നത്തിൽവിധിനിർണ്ണയം നടപ്പായി. 'സാക്ഷി സ്വസമുദായത്തിൽപെട്ട സത്യസന്ധരായിരിക്കണം എന്നതു മാറി ദൃക്സാക്ഷികൾ, സംഭവത്തെ പ്പറ്റി കേട്ടറിഞ്ഞ സാക്ഷികൾ, വിദഗ്ധ സാക്ഷികൾതുടങ്ങിയവരായി. സാക്ഷി, തെളിവ് എന്നിവ കോടതി നടപടി ക്രമത്തിൽതീർപ്പുകൽ പ്പിക്കുന്നതിനുള്ള ആധാരമായി. സാക്ഷി തെളിവുനല്കാൻപ്രാപ്തനാണോ എന്ന് കോടതി സ്വയം പരിശോധിച്ച് തൃപ്തരാകേണ്ടതുണ്ട്. നിയമജ്ഞ രും നിയമം കൈകാര്യം ചെയ്യുന്നതിന് അടിസ്ഥാന യോഗ്യതയുള്ളതു മായ വക്കീലന്മാർവാദപ്രതിവാദങ്ങളിലൂടെ വിധി നിർണ്ണയത്തിൽപ ങ്കാളികളാകുന്നു. വിധികർത്താവ് (ജഡ്ജി) നിയമപരമായ യോഗ്യത കളുടെ അടിസ്ഥാനത്തിൽനിയമിക്കപ്പെട്ടു. നീതി നടത്തിപ്പുകാർഎന്ന നിലയിൽപോലീസ് വിഭാഗം കൂടുതൽജാഗ്രതയുള്ളവരായി. കോടതി പൊതു സ്ഥാപനം എന്ന നിലയിൽഉയർത്തപ്പെട്ടു.

മലബാർഒഴികെ മറ്റു രണ്ടാം പ്രവിശ്യകളിൽകോടതി നിലവിൽവന്ന ആദ്യകാലങ്ങളിൽരാജഭരണത്തിൻകീഴിൽചില കാര്യങ്ങളിലെങ്കിലും ധർമ്മശാസ്ത്രങ്ങളെ സ്വീകരിച്ചു കൊണ്ടാണ് നിയമം നടപ്പിലായത്. എന്നാൽ'ജാതി-മത-വർഗ്ഗ ഭേദമെന്യേ എല്ലാവർക്കും തുല്യനീതിയും ഒരേ കുറ്റത്തിന് എല്ലാവർക്കും ഒരേ ശിക്ഷയും പ്രദാനം ചെയ്യുന്ന ഇന്ത്യൻ ശിക്ഷാ നിയമവും (1860) കുറ്റകൃത്യനടപടിക്രമവും നിലവിൽവന്നതിനുശേഷം ഇന്ത്യയിലാകമാനം ഏകീകൃതകോഡ് നടപ്പിലാവുകയും അന്നുമുതൽഇന്നുവരെ അടിസ്ഥാനപരമായ വ്യതിയാനങ്ങളില്ലാതെ ഈ നിയമം തുടർന്നുവരികയും ചെയ്യുന്നു. 1872 ലെ എവിഡൻസ് ആക്ടും അതേപടി നിലനില്ക്കുന്നു. 1872 ൽബ്രിട്ടീഷുപാർലമെൻറ് പാസ്സാക്കിയ ഒന്നാം എവിഡൻസ് ആക്ടാണ് ഇന്നും നിലനിൽക്കുന്നത്" (രമേശൻ നായർ1995 : 71). ഇന്ത്യ സ്വതന്ത്രമായി അറുപതാണ്ടുകൾക്ക് ശേഷവും ബ്രിട്ടീഷ് ഇന്ത്യയിൽനടപ്പാക്കിയ നിയമക്രമങ്ങൾതന്നെയാണ് ഇപ്പോഴും നടപ്പിലാക്കുന്നത് എന്നത് കോടതിസ്ഥാപനത്തെ കേരള ചരിത്രത്തിലെ പരിവർത്തനദശയിലെ അനിവാര്യ ഘടകമാക്കുന്നു.

ജാതിമതഭേദമന്യേ സമുദായത്തിലെ ഉച്ചനീചത്വങ്ങളെ നോക്കാതെ എല്ലാവർക്കും നീതി ലഭിക്കുന്നതാണെന്നും ആവലാതിയുള്ളവർഅടുത്ത കോടതിയെ സമീപിക്കേണ്ടതാണെന്നുമുള്ള വിളംബരത്തോടെ (മഹേഷ്2000 : 175 ) 1792-ൽ ടിപ്പുവിൽനിന്ന് മലബാർ പിടിച്ചെടുത്ത അതേ വർഷത്തിൽ ഈസ്റ്റിൻഡ്യാ കമ്പനി മലബാർ പ്രദേശത്തിൽ ഉൾപ്പെട്ട തലശ്ശേരിയിലും കോഴിക്കോട്ടും ചെർപ്പുളശ്ശേരിയിലും ഓരോ കോടതി സ്ഥാപിച്ചു. മലബാർ തീരത്തേക്ക് ബ്രിട്ടീഷ് ഭരണകൂടം അയച്ച കമ്മീഷണർമാർക്കുള്ള ഗവർണർജനറലായിരുന്ന കോൺവാലീസ് പ്രഭുവിന്റെ നിർദ്ദേശങ്ങളിലൊന്ന് വിവിധ ജില്ലകളിൽനീതിന്യായ നിർവ്വഹണത്തിന് ഭരണപരമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതായിരുന്നു (ലോഗൻ: 1981: 535). സമാധാനഉടമ്പടി ഉണ്ടായ ഉടൻതന്നെ 1792 മാർച്ച് 23-ാം തീയതി വെച്ച് ഗവർണർജനറാലായ കോൺവാലീസ് പ്രഭു, ബോംബേ ഗവർണർ ജനറൽ ആർ.അമ്പർ ക്രോമ്പിയെ, മലബാറിന്റെ നിലവിലുള്ള സ്ഥിതിഗതികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിനും സംസ്ഥാനത്തിന്റെ ഭാവി ഭരണത്തിനുള്ള സംവിധാനം ഉണ്ടാക്കാനും നിർദ്ദേശിക്കുകയുണ്ടായി ഗവർണർ ജനറലിന്റെ ഉത്തരവിൻപടി കണ്ണൂരിലെത്തിയ ബോംബേ ഗവർണർ അമ്പർക്രോമ്പി, കമ്പനിയുടെ ഒരു സീനിയർ മർച്ചൻറ് ആയ മി. ഫാർവർ എന്ന ആളെയും തലശ്ശേരിയിലെ മിലിട്ടറി കമാണ്ടറായ മേജർ ഡൗവിനേയും കമ്മീഷണർമാരായി നിയമിച്ചു. '1792 ഏപ്രിൽ

20-ാം തീയതി വെച്ച് കമ്മീഷണർമാർക്ക് നല്കിയ ഉത്തരവിൽ രാജ്യത്തെ ക്രമസമാധാനം സംരക്ഷിക്കാനും നാട്ടുരാജാക്കന്മാരും നാടുവാഴികളും നല്കേണ്ടതായ കപ്പം എത്രയാണെന്ന നിശ്ചയിച്ചതിനുശേഷം, 'കമ്പനിയുടെ അധീശത്വം നാട്ടിൽ സുസ്ഥാപിതമാക്കാൻപറ്റിയ ഏറ്റവും അനുയോജ്യമായ ഭരണസംവിധാനം ഏതെന്ന നിർണ്ണയിക്കാൻ ആവശ്യമായ ഒരു റിപ്പോർട്ടിനുവേണ്ട വസ്തുസ്ഥിതി വിവരങ്ങൾശേഖരിച്ചു സമർപ്പിക്കാനും നിർദ്ദേശിച്ചു"(ലോഗൻ:1981: 525). തങ്ങളുടെ അധീനതയിലായ നാട്ടിൽ നീതിന്യായ നടത്തിപ്പിനായി അതിനു മുമ്പ് അവിടെയുണ്ടായിരുന്ന പൊതുവിലും പ്രത്യേകവുമായുള്ള സ്ഥിതിഗതികൾ കഴിയുന്നത്ര നിഷ്കൃഷ്ടതയോടെ പൂർണ്ണമായ അന്വേഷണത്തിനു വിധേയമാക്കാ ൻകമ്മീഷണർമാർക്ക് നിർദ്ദേശം നല്കുന്നുണ്ട്. മലബാർ പ്രവിശ്യയുടെ മുൻകാലത്തേയും ഇടക്കാലത്തേയും നടപ്പുകാലത്തേയും ഗവൺമെൻറുകളേയും സംബന്ധിച്ച് കിട്ടാവുന്ന വിവരങ്ങളത്രയും ശേഖരിക്കണം. 'ഇന്നവരെ ഈ നാട്ടുകാർക്ക് ലഭിച്ച നീതിന്യായത്തിന്റെ രീതി മനസ്സിലാക്കാൻതന്നാട്ടുകാരയ എല്ലാ വിഭാഗങ്ങൾക്കും വരുംകാലത്തു കൂടുതൽഅനുഗുണമായി നീതിന്യായം ലഭ്യമാക്കാനും ഇതാവശ്യമത്രെ" (ലോഗൻ:1981:534). മലബാർപഠന കമ്മീഷണർമാർക്കായി കോൺവാലീസ് നല്കുന്ന ഈ മൂന്നാമത്തെ നിർദ്ദേശത്തിന്റെ അവസാനം ബ്രിട്ടീഷുകാരുടെ ഭരണതന്ത്രം തെളിയുന്നുണ്ട്. 'കമ്പനിയുടെ വാണിജ്യതാല്പര്യങ്ങളുമായി തദ്ദേശവാസികളുടെ വ്യാപാരതാത്പര്യങ്ങൾസമരസപ്പെടുത്തിക്കൊണ്ടു പോകാനും" (ലോഗൻ:1981:534) പര്യാപ്തമായിരിക്കണം കമ്മീഷന്റെ റിപ്പോർട്ടുകളും ശേഖരിക്കുന്ന വിവരങ്ങളും ക്രോഡീകരിക്കുന്ന അഭിപ്രായങ്ങളും എന്നാണ് നിർദ്ദേശം.

കമ്മീഷണർക്കുള്ള നിർദ്ദേശങ്ങളിൽ ആറാമത്തെ നിർദ്ദേശമാണ് ഭരണപരമായ പ്രാധാന്യത്തോടെ പറയുന്നത്. 'വിവിധ ജില്ലകളിൽ നീതിന്യായ നിർവ്വഹണത്തിനു ഭരണപരമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ്. ഇന്ത്യയുടെ ഈ ഭാഗത്തുവച്ച് നിങ്ങൾ ആർജ്ജിച്ചിട്ടുള്ള പരിചയസമ്പത്ത് വെച്ച്, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കും തത്തുല്യമായ നീതിലഭിക്കുമെന്നു ഉറപ്പുവരുത്താൻ നീതിന്യായ കോടതികൾ രാജ്യത്തുടനീളം സ്ഥാപിക്കാൻവേണ്ടതു ചെയ്യുമെന്നും എനിക്ക് വിശ്വാസമുണ്ട്. ഈ കാര്യങ്ങളിലെല്ലാം (കരം പിരിച്ചെടുക്കുന്നതിനും വ്യാപാര നടത്തിപ്പിനും) ഒന്നിച്ചോ വെവ്വേറെയോ നടപ്പിലാക്കുന്നതിന് അടിസ്ഥാനപരമായി രാജ്യത്തെ എത്ര റവന്യൂ ഡിവിഷനുകൾ അഥവാ കലക്ടർഷിപ്പുകളായും നീതിന്യായ മേഖലകളായും

സിവിൽക്രിമിനൽ- കൊമേഴ്സ്യൽ അധികാര പരിധികളായും പുനർവിഭജനം നടത്തുകയെന്നത് ശ്രമകരമായ ഒരു കൃത്യമത്രെ. ആ വഴിക്കുള്ള നിങ്ങളുടെ ശുപാർശകൾ അടിയന്തിര പ്രാധാന്യം കല്പിക്കുന്നു" (ലോഗൻ1981:535).

എന്നാൽ കോടതികൾആധുനികനിയമങ്ങളുടെ തെളിവുകളുടെ അടിസ്ഥാനത്തിൽ തുല്യമായ പക്ഷപാതരഹിതമായ വിധികളല്ല പുറപ്പെടുവിച്ചതെന്നും കോടതിവിധികൾ പലപ്പോഴും കേരളത്തിലെ സാമഹികാവസ്ഥ മനസ്സിലാക്കാതെയായിരുന്നുവെന്നും കാണാം. മലബാറിലും മറ്റും ഭൂമിക്കേസുകളിൽ ജന്മിക്കനുകൂലമായി വിധികൾ വന്നതും കലഹങ്ങളുണ്ടായതും ചരിത്രം. ഭൂമിയുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് മലബാറിലുണ്ടായിട്ടുള്ള കേസുകൾഉദാഹരണമാണ്. ജന്മിമാർക്കനുകൂലമായി കേസുകൾ മാറിയതാണല്ലോ മലബാർകലാപത്തിന്റെ അടിസ്ഥാനം. കോടതിയുടെ ഇത്തരത്തിലുള്ള ഏകപക്ഷീയ തീരുമാനം നടപ്പിലാക്കിയിരുന്ന ഉദ്യോഗസ്ഥസമൂഹവും അന്നത്തെ കേരളീയ സമൂഹത്തിൽഉന്നതരായിരുന്നവർതന്നെയായിരുന്നു എന്നത് കോടതിയുടെ നടത്തിപ്പിന്റെ അന്വേഷണത്തിൽ പ്രധാനമാണ്. മാത്രമല്ല കമ്പനി ഉദ്യോഗസ്ഥർ നിലവിലുണ്ടായിരുന്ന അക്കാലത്തെ ജന്മിവ്യവസ്ഥയിൽനമ്പൂതിരിക്കോ നായർക്കോ ഉണ്ടായിരുന്ന അധികാര രൂപത്തിന്റെ പ്രതിരൂപമായി മാറുകയാണുണ്ടായത്. ഒരു നിയമംതന്നെ നാട്ടുകാരനും കമ്പനിക്കാരനും രണ്ടുതരത്തിലായിരുന്നു എന്നത് നിയമനിർവ്വഹണത്തിലെ പക്ഷപാതിത്വത്തെ ഉദാഹരിക്കുന്നു. കരമടയ്ക്കാതിരുന്ന ഒരു കർഷകനെ ഏറെനേരം വെയിലത്തു കുനിച്ചു നിർത്തിയതിനെപ്പറ്റി രേഖകളിൽപറയുന്നു. 'ഗതികെട്ട കർഷകർ ഗാർഡിനെ തല്ലിയെന്നും തുടർന്ന് അധികാരി കർഷകനെ കൊന്നുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു" (കെ.എൻ. പണിക്കർ: 2007 :25). ഇത്തരമൊരു സാഹചര്യത്തെ അടിസ്ഥാനമാക്കിവേണം മലബാർകോടതികളേയും വ്യവഹാരങ്ങളേയും മനസ്സിലാക്കാൻ. കൊച്ചിയിലും തിരുവിതാംകൂറിലും ഇതായിരുന്നില്ല സ്ഥിതി. മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയതിനാൽ സ്ഥിതിവേറെയായി. 1793 ജൂലൈ 1-ാംനു കണ്ണൂർ, കൊയിലാണ്ടി, താനൂർ, തിരൂരങ്ങാടി, പൊന്നാനി, ചേറ്റുവ, പാലക്കാട് എന്നിവിടങ്ങളിൽഏഴ് പ്രാദേശിക ദരോഗകൾസ്ഥാപിച്ചു. 1802-ൽനീതിന്യായ സംവിധാനത്തെ എക്സിക്യൂട്ടീവ് സംവിധാനത്തിൽ നിന്ന് വേർപെടുത്തി. മലബാറിലെ നീതിന്യായ വ്യവസ്ഥിതിയെ സംബന്ധിച്ച് ഒരു പ്രധാന ചുവടുവെയ്പായിരുന്നു ഇത്. ഇവിടത്തെ നീതിന്യായവ്യവസ്ഥ പൂർണ്ണമായും ബ്രിട്ടീഷ് ന്യായവ്യവസ്ഥയുടെ

കിഴിലായത് ഇതോടെയാണ്. 1802-ൽത്തന്നെ തലശ്ശേരിയിൽ മൂന്ന് ഭൂജന്മിമാരുടെ കീഴിൽ പ്രാദേശികകോടതികളും തുടർന്ന് തലശ്ശേരിയിലും കോഴിക്കോട്ടും ഓരോ ജില്ലാ കോടതിയും കോഴിക്കോട് രജിസ്ട്രാർ കോടതിയും സ്ഥാപിച്ചു. 1812-ൽ ഉപജില്ലാ കോടതി കൊച്ചിയിലും (ഫോർട്ട് കൊച്ചി) നിലവിൽവന്നു. 1816-ൽ ജില്ലാ മുൻസിഫ് കോടതികൾനിലവിൽവന്നതോടെ 1845-ൽ ജില്ലാ മുൻസിഫ് കോടതി ഒഴിച്ച് മറ്റ് കോടതികൾ നിറുത്തലാക്കി. പകരം സിവിൽ സെഷൻസ് കോടതികൾ തലശ്ശേരിയിലും കോഴിക്കോട്ടും പുറമേ കോഴിക്കോട് ഒരു സബ് കോടതിയും കൊച്ചിയിലും തലശ്ശേരിയിലും പ്രിൻസിപ്പൽ സദർഅമിൻ കോടതികളും പ്രവർത്തനമാരംഭിച്ചു.

1931-ൽ മലബാറിൽ മുപ്പതോളം സിവിൽ കോടതികൾ പ്രവർത്തിച്ചിരുന്നു. മദ്രാസ് പ്രസിഡൻസിയുടെ കീഴിലുണ്ടായിരുന്ന മറ്റു പ്രവശ്യകളിൽ വച്ചേറ്റവും കൂടുതൽ കോടതികൾ സ്ഥാപിച്ചത് മലബാറിലായിരുന്നു 1889-ലെ വില്ലേജ് കോർട്സ് ആക്ട് പ്രകാരം ഗ്രാമ അധികാരിക്ക് 20 രൂപ വരെയുള്ള സിവിൽ വ്യവഹാരങ്ങൾക്ക് തീർപ്പു കല്പിക്കുവാനുള്ള അധികാരം നല്കപ്പെട്ടു. പക്ഷേ ഇത്തരം ഗ്രാമക്കോടതികൾക്ക് ജനങ്ങളുടെയിടയിൽ വലിയ പ്രചാരം ലഭിക്കാത്തതിനാൽ സിവിൽകോടതികളിലെ ജോലിഭാരം കുറയ്ക്കാൻകഴിഞ്ഞില്ല. 1903-ലെ കണക്കനുസരിച്ച് മലബാറിലെ മൊത്തം സിവിൽകേസുകളിൽ പത്തിലൊന്നു മാത്രമേ ഇത്തരം ഗ്രാമക്കോടതികൾ കൈകാര്യം ചെയ്തിരുന്നുള്ളൂ. തെക്കെ മലബാറിനെ അപേക്ഷിച്ച് വടക്കെ മലബാറിലായിരുന്നു കൂടുതൽവ്യവഹാരങ്ങൾഉണ്ടായിരുന്നത്.

### തിരുവിതാംകൂർകോടതി

ബ്രിട്ടീഷ് റസിഡൻറും, തിരുവിതാംകൂർ ദിവാനും കൊച്ചിസംസ്ഥാനത്തിന്റെ പൊളിറ്റിക്കൽ ഏജൻറും ആയിരുന്ന കേണൽ മൺറോ (1810-1819) ആയിരുന്നു തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിയമവ്യവസ്ഥയുടെ ആധുനിക രീതിയിലുള്ള നിർവ്വഹണസംവിധാനത്തിന്റെ മുഖ്യശില്പി. അദ്ദേഹമാണ് നീതിന്യായ വ്യവസ്ഥയെ എക്സിക്യൂട്ടിവിൽനിന്ന് ആദ്യമായി വേർപെടുത്തിയത്. കേണൽ മൺറോയുടെ ശ്രമമാണ് തിരുവിതാംകൂറിലും കൊച്ചിയിലും നിയമവ്യവസ്ഥയുടെ സമാരംഭത്തിനും വ്യവസ്ഥാപിതമായ കോടതികളുടെ ആവിർഭാവത്തിനും 1956 നവംബർ 1-ാംനു സ്ഥാപിതമായ കേരള ഹൈക്കോടതിയുടെ മുൻഗാമിയായിരുന്ന തിരുവിതാംകൂർ ഹജൂർക്കച്ചേരി, കൊച്ചിൻ ചീഫ് കോർട്ട് എന്നിവയുടെ സ്ഥാപനത്തിനു കാരണമായത് (പി.

ശങ്കുണ്ണിമേനോൻ, 1994 : 294 -295). ആധുനിക തിരുവിതാംകൂറിന്റെ ചരിത്രം മാർത്താണ്ഡവർമ്മയുടെ കാലത്തോടെയാണ് (1729-1758) ആരംഭിക്കുന്നതെങ്കിലും ആധുനികരീതിയിലുള്ള നിയമവ്യവസ്ഥ ആസൂത്രിതമായത് റാണി ഗൗരി ലക്ഷ്മി ഭായിയുടെ കാലത്താണ് (1811-1815). അന്നത്തെ ബ്രിട്ടീഷ് റസിഡൻറായിരുന്ന കേണൽ മൺറോയെ റാണിയാണ് അവരുടെ ദിവാനായി നിയമിച്ചത്.

കേണൽ മൺറോയുടെ കാലത്ത് 1811-ൽ തിരുവിതാംകൂറിൽ അഞ്ച് ജില്ലാ കോടതികൾ പത്മനാഭപുരം, തിരുവനന്തപുരം, മാവേലിക്കര, വൈക്കം, ആലുവ എന്നിവിടങ്ങളിലായി സ്ഥാപിച്ചു. രണ്ടു ജഡ്ജിമാരും ഒരു ശാസ്ത്രിയുമായിരുന്ന ഓരോ ജില്ലാ കോടതിയിലും ഉണ്ടായിരുന്നത്. 1814-ൽ അപ്പീൽ കോടതിയായ ഹജ്ജൂർക്കച്ചേരി സ്ഥാപിതമായി. അദ്ധ്യക്ഷ പദവി അലങ്കരിക്കുന്ന ദിവാനും മറ്റു മൂന്ന് ജഡ്ജിമാരും അടങ്ങുന്ന ഹജ്ജൂർകച്ചേരിക്ക് ഇന്നത്തെ ഹൈക്കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നു.

ഹജ്ജൂർക്കച്ചേരിയുടെ അദ്ധ്വാനഭാരം വർദ്ധിച്ചതിനെത്തുടർന്ന് റെഡ്ഡിറാവു ദിവാനായിരുന്ന കാലത്ത് 1817-ൽ ജില്ലാകോടതികളിൽനിന്നും അപ്പീൽകേൾക്കുന്നതിന് ഒരു പുതിയ അപ്പീൽകോടതി തിരുവനന്തപുരത്ത് സ്ഥാപിച്ചെങ്കിലും പിന്നീടത് കൊല്ലത്തേയ്ക്ക് മാറ്റി. 1830-വരെ ആ കോടതി കൊല്ലത്ത് പ്രവർത്തിച്ചു. 1832-ൽ മുൻസിഫ് കോടതികൾ സ്ഥാപിതമായി. ഓരോ ജില്ലാകോടതിയുടെ കീഴിലും ഒരു മുൻസിഫ് കോടതി സ്ഥാപിച്ചു. പോലീസ് അടി പിടിക്കേസുകളും 100 രൂപവരെയുള്ള സിവിൽകേസുകളും ഇതിന്റെ പരിധിയിൽവന്നു. 1816-ൽ ആദ്യമായി സർക്കാർകേസുകൾ കൈകാര്യംചെയ്യാൻ സർക്കാർവക്കീലിനെ ഹജ്ജൂർ കോടതിയിലും ജില്ലാ കോടതികളിലും നിയമിച്ചു. പണ്ടാരം വക വക്കീൽ എന്നപേരിൽ ഇവർ അറിയപ്പെട്ടിരുന്നു. മരണശിക്ഷ നല്കുന്ന സമ്പ്രദായം തിരുവിതാംകൂറിൽ 1944-ൽ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് നിറുത്തലാക്കിയിരുന്നു. 1951-ൽ ഇന്ത്യൻ പീനൽകോഡ് തിരുവിതാംകൂറിൽ പ്രാബല്യത്തിൽ വന്നപ്പോൾ വീണ്ടും മരണശിക്ഷാ സമ്പ്രദായം നിലവിൽവന്നു.

67 വർഷത്തെ പ്രവർത്തനത്തിനുശേഷം തിരുക്കൊച്ചി ലയനത്തെ തുടർന്ന് 1949-ലെ ട്രാവൻകൂർകൊച്ചിൻ ഹൈക്കോർട്ട് ഓർഡിനൻസിലൂടെ 1949 ജൂലൈ 7-ാംനു തിരുവിതാംകൂർഹൈക്കോടതിയും കൊച്ചി ഹൈക്കോടതിയും ചേർന്ന് ഹൈക്കോർട്ട് ഓഫ് ട്രാവൻകൂർകൊച്ചിൻ ആയി മാറി. എറണാകുളമായിരുന്നു ആസ്ഥാനം. തിരുവിതാംകൂർ ഹൈക്കോടതിയിലെ അവസാനത്തെ ചീഫ് ജസ്റ്റീസായിരുന്ന

പുതുപ്പള്ളി എസ്. കൃഷ്ണപിള്ളയായിരുന്ന തിരു-കൊച്ചി ഹൈക്കോടതിയിലെ ആദ്യത്തെ ചീഫ് ജസ്റ്റീസ്. കേരള പിറവിവരെ തിരുക്കൊച്ചി ഹൈക്കോടതി അതിന്റെ പ്രവർത്തനം തുടർന്നു. ഈ കോടതിയിലെ അവസാനത്തെ ചീഫ് ജസ്റ്റീസായിരുന്ന കെ.ടി. കോശിയാണ് കേരള ഹൈക്കോടതിയിലെ ആദ്യത്തെ ചീഫ് ജസ്റ്റീസ്.

ഉപസംഹാരം

അധീശഗവൺമെൻറിന്റെ അധികാരത്തിൻ കീഴിലായിരുന്ന കോടതിയെ അധീശത്വത്തിന്റെ പ്രത്യയശാസ്ത്രസങ്കല്പങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. എങ്കിൽത്തന്നെയും പുതിയ നിയമപരികല്പനയുടെ സ്വഭാവം സമത്വം, ശാസ്ത്രീയത, യുക്തിഭദ്രത തുടങ്ങി ആധുനികതയുടേതെന്ന് പറയാവുന്ന സങ്കല്പനങ്ങളാണ് മുന്നോട്ടുവച്ചത്. നമ്പൂതിരിയ്ക്കും പുലയനും ഒരേകുറ്റത്തിന് ഒരേശിക്ഷ എന്നതായിരുന്നു ഈ നിയമത്തിന്റെ മുഖമുദ്ര. ആധുനിക നിയമവ്യവസ്ഥയ്ക്കുമുമ്പ് കേരളത്തിൽനിലവിവിരുന്ന നിയമസംവിധാനങ്ങളുടെയെല്ലാം അടിസ്ഥാനം ജാതിയായിരുന്നു. ഒരാൾ നിരപരാധിയാണോ അപരാധിയാണോ എന്നതല്ല അയാൾ ഏതു ജാതിയിൽപെടുന്നുവെന്നതാണ് നീതിന്യായത്തെ നിശ്ചയിച്ചിരുന്നത്. ഈ വ്യവസ്ഥിതിയിൽ പീഡനങ്ങളെറെയും ഏറ്റുവാങ്ങേണ്ടിവന്ന കീഴാളരുടെ അവസ്ഥയ്ക്ക് സംഭവിക്കുന്ന വ്യതിയാനമാണ് ആധുനികതയിൽ കേരളം കണ്ടത്. ശാസ്ത്രീയമായ പരിശോധനകളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിലുള്ള നീതിനിർവ്വണം ആധുനിക കോടതി നടപ്പാക്കി. എല്ലാവർക്കും തുല്യനീതി എന്ന സങ്കല്പം പ്രാചീന കേരളത്തെ ആധുനികമാക്കുന്നതിൽ ഗുണകരമായി പ്രവർത്തിച്ചു. കേരളീയാധുനികതയെ അടയാളപ്പെടുത്തുമ്പോൾ ഒഴിച്ചുകൂടാനാവത്ത ഘടകമായ ആധുനിക കോടതി സ്ഥാനപ്പെടുന്നു.

ഗ്രന്ഥസൂചി

1 കെ.എൻഗണേശ്, 1997 കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്
2 പദ്മനാഭമേനോൻ, 1996, കൊച്ചിരാജ്യചരിത്രം, മാതൃഭൂമി.
3 പണിക്കർ കെ.എം., കേരളചരിത്രം
4 മഹേഷ്, 2000 ജുഡീഷ്യറിയുടെ നൂറുകൊല്ലം, മലയാളംവാരിക പ്രത്യേകപതിപ്പ്.
5 ലോഗൻ, മലബാർ മാന്വൽ, മാതൃഭൂമി